**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 351** **22-02-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി ദെലീമ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് മിഷൻ പദ്ധതി അട്ടിമറിക്കാൻ ചിലർ നടത്തിയ ശ്രമങ്ങൾ പദ്ധതി പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കാൻ കാരണമായിട്ടുണ്ടോ എന്ന് വിലയിരുത്തിയിരുന്നോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലുമായി എത്ര ഭവനങ്ങൾ നൽകിയെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ; | (ബി) | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലൈഫ് പദ്ധതി പ്രകാരം 2,62,131 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അർഹരായവരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (സി) | 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനായി 2020-21-ൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചതിൻപ്രകാരം ലഭ്യമായ അപേക്ഷകളിൻമേലുള്ള അർഹതാ പരിശോധന പൂർത്തിയായിട്ടില്ല. |
| (ഡി) | വീട് അനുവദിക്കാൻ ശിപാർശ ചെയ്യുന്നതിന് കൈക്കൂലി ആവശ്യപ്പെടുന്നു എന്ന് പറയപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിന് നിയതമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) | മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. |
| (ഇ) | ഭൂരഹിതരായ ഭവനരഹിതർക്ക് വീടുനിർമ്മാണത്തിന് ജനപങ്കാളിത്തത്തോടെ സ്ഥലം കണ്ടെത്തുന്നതിനുള്ള പരിപാടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായവർക്ക് ഭൂമിയും വീടും ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സുമനസ്സുകളായ പൊതുജനങ്ങൾ, വ്യാപാരി വ്യവസായികൾ, പ്രവാസികൾ, സന്നദ്ധസംഘടനകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ മുതലായവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനുവേണ്ടിയാണ് 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സംസ്ഥാന/ ജില്ലാ/ തദ്ദേശസ്ഥാപന തലങ്ങളിൽ സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നു സെന്റ് മുതൽ മുകളിലോട്ട് വിസ്തൃതിയുള്ള ഭവന നിർമ്മാണ യോഗ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വിട്ടുകൊടുക്കുന്ന രീതിയാണ് ഇതിൽ പ്രധാനം. ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമി സൗജന്യമായി നൽകുന്നതിന് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഭൂമി വാങ്ങുന്നതിനുള്ള തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന രീതിയാണ് മറ്റൊന്ന്. സംഭാവനകൾ തദ്ദേശ സ്ഥാപനങ്ങളോ സർക്കാർ ഏജൻസികളോ നേരിട്ട് വാങ്ങുന്നതല്ല. എന്നാൽ ഈ രണ്ടു രീതികളിലും ഭൂമി ലഭ്യമാക്കുന്നത് തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ച ലൈഫ് ഗുണഭോക്താക്കൾക്ക് മാത്രമായിരിക്കും. |

സെക്ഷൻ ഓഫീസർ